**ഗ്രാമീണ കാർഷിക മൊത്തവിപണന കേന്ദ്രം,**
**സുൽത്താൻബത്തേരി.പി.ഒ**
**വയനാട്, ഫോൺ. 04936-223192**

No.RAWM: 133/18 തീയ്യതി. 01-10-2018

## ലേലം/ക്വട്ടേഷൻ നോട്ടീസ്

വയനാട് ജില്ലയിൽ സുൽത്താൻബത്തേരി ടൗണിൽ നിന്നും ഏകദേശം 2 കി.മീ ഉള്ളിൽ അമ്മായിപ്പാലത്ത് സ്ഥിതി ചെയ്യുന്ന ഗ്രാമീണ കാർഷിക മൊത്തവിപണന കേന്ദ്രത്തിൽ പുതിയതായി നിർമ്മിച്ച കോൾഡ് സ്റ്റോറേജ് സൗകര്യത്തോടു കൂടിയ 720 ക്യുബിക് ഫീറ്റ് വിസ്തൃതിയുള്ള 4 ശീതീകരണ മുറികൾ വാടകയ്ക്ക് നൽകുന്നതാണ്. സംസ്ക്കരിച്ച പഴ വർഗ്ഗങ്ങൾ, കാർഷികോൽപന്നങ്ങൾ മുതലായവ കേടു വരാതെ സംഭരിക്കുന്നിന് താല്പര്യമുള്ള വ്യക്തി കൾ/സ്ഥാപനങ്ങളിൽ നിന്നും 11 മാസക്കാലയളവിലേക്ക് വാടകയ്ക്ക് നൽകുവാൻ മത്സര സ്വാഭാവ മുള്ള ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു.

| ക്രമ നമ്പർ | ചേമ്പർ നമ്പർ, താപനില | അടിസ്ഥാന മാസ വാടക | സെക്യൂരിറ്റി തുക | നിരത ദ്രവ്യം | ക്വട്ടേഷൻ ലഭി ക്കേണ്ട അവസാന തീയതിയും സമ യവും |
|---|---|---|---|---|---|
| 1 | 1, 0 -4 ഡിഗ്രി സെൽഷ്യസ് | 6000/മാസം | രേഖപ്പെടുത്തുന്ന തുക യുടെ 10 ഇരട്ടി തുക | 5000 | 24/10/2018 രാവിലെ 11 മണി |
| 2 | 2, 4 -8 ഡിഗ്രി സെൽഷ്യസ് | 6000/മാസം | രേഖപ്പെടുത്തുന്ന തുക യുടെ 10 ഇരട്ടി തുക | 5000 | 24/10/2018 രാവിലെ 11 മണി |
| 3 | 3, 8 -10 ഡിഗ്രി സെൽഷ്യസ് | 6000/മാസം | രേഖപ്പെടുത്തുന്ന തുക യുടെ 10 ഇരട്ടി തുക | 5000 | 24/10/2018 രാവിലെ 11 മണി |
| 4 | 4, 10 -15 ഡിഗ്രി സെൽഷ്യസ് | 6000/മാസം | രേഖപ്പെടുത്തുന്ന തുക യുടെ 10 ഇരട്ടി തുക | 5000 | 24/10/2018 രാവിലെ 11 മണി |

1. മുദ്ര വെച്ച ക്വട്ടേഷനുകൾ 24/10/2018 തീയതി രാവിലെ 11.00 ന് മുൻപായി മാർക്കറ്റ് ഓഫീസിൽ ലഭിക്കേണ്ടതും ആയത് അന്നേ ദിവസം 12 മണിക്ക് നടക്കുന്ന പരസ്യലേലത്തിനു ശേഷം അപ്പോൾ സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്.

2. ക്വട്ടേഷൻ/ലേലം ഉറപ്പിക്കുന്ന തുക ലൈസൻസ് നിരക്കായി പരിഗണിക്കുന്നതും, ടി തുകയുടെ 10 ഇരട്ടി സെക്യൂരിറ്റിയായി അടവാക്കേണ്ടതും, ജി.എസ്.ടി (18 %) ഒടുക്കേണ്ടതുമാണ്. ലൈസൻസ് ഫീസും മറ്റ് അനുബന്ധ ചാർജ്ജുകളും എല്ലാ മാസവും 5-ാം തീയ്യതിക്കകം ഓഫീസിൽ അടവാക്കി രശീതി കൈപ്പറ്റേണ്ടതാണ്. ലേലം ഉറപ്പിക്കുന്ന വ്യക്തി/സ്ഥാപനം അന്നേ ദിവസം തന്നെ സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ മൂന്നിലൊന്ന് ഓഫീസിൽ അടക്കേണ്ടതും ബാക്കി തുക 10 ദിവസത്തിനകം ഒറ്റ ഗഡുവായി അടക്കേണ്ടതുമാണ്.

3. 200 രൂപ മുദ്രക്കടലാസിൽ ലേലം കൊള്ളുന്നവർ മാർക്കറ്റ് സെക്രട്ടറിയുമായി കരാർ ഏർപ്പെടേണ്ടതാണ്.

4. കാർഷികേതര ഉൽപ്പന്നങ്ങൾ ശീതീകരണ മുറിയിൽ സംഭരിക്കുവാൻ ഒരു കാരണവശാലും അനുവദിക്കുന്നതല്ല.

5. ശീതീകരണ മുറിയുടെ ഇലക്ട്രിസിറ്റി ചാർജ്ജ്, റിപ്പയർ ഉൾപ്പെടെയുള്ള പ്രവർത്തനവും മറ്റ് അനുബന്ധ ചിലവുകളും സ്വന്തം നിലക്ക് വഹിക്കേണ്ടതാണ്.

6. നിരതദ്രവ്യം അടവാക്കി ക്വട്ടേഷൻ സമർപ്പിക്കുന്നർക്കു മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ അനുവാദം ഉണ്ടായിരിക്കുകയുള്ളൂ

7. മറ്റ് സർക്കാർ ക്വട്ടേഷൻ/ലേലത്തിനുള്ള എല്ലാ നിബന്ധനകളും ഈ ടെണ്ടർ/ലേലത്തിനും ബാധകമായിരിക്കും.

8. ക്വട്ടേഷൻ/ലേലം ഉറപ്പിക്കാനും ആയത് മാറ്റിവെക്കാനോ റദ്ദാക്കാനോ ഉള്ള അവകാശം സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.

9. ക്വട്ടേഷൻ/ലേലം ഉറപ്പിക്കുന്ന വ്യക്തി/സ്ഥാപനം ഒരു കാരണവശാലും ശീതീകരണമുറി നടത്തിപ്പാകാശം കൈമാറാൻ പാടുള്ളതല്ല.

10. ക്വട്ടേഷൻ ദിവസം ഏതെങ്കിലും കാരണവശാൽ ഓഫീസ് അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം അതേ സമയത്ത് ക്വട്ടേഷൻ ഉണ്ടായിരിക്കുന്നതാണ്.

11.കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

12. ക്വട്ടേഷൻ കവറിനു പുറത്ത് മുകളിൽ 'Quotation of Cold Storage '
എന്ന് എഴുതിയിരിക്കേണ്ടതാണ്.

**ക്വട്ടേഷൻ ലഭിച്ചിരിക്കേണ്ട അവസാന തീയ്യതിയും സമയവും - 24/10/2018 രാവിലെ 11 മണി.**

**ക്വട്ടേഷൻ തുറക്കുന്ന തീയ്യതിയും സമയവും - 24/10/2018 ഉച്ചക്ക് 12 മണി.**

ക്വട്ടേഷൻ സമർപ്പിക്കേണ്ട ഓഫീസറുടെ മേൽവിലാസം -സെക്രട്ടറി, ഗ്രാമീണ കാർഷിക മൊത്ത വിപണന കേന്ദ്രം,സുൽത്താൻബത്തേരി, വയനാട്

Office of the Rural Agri. Wholesale Market Sulthan Bathery
Date: ..................

സെക്രട്ടറി
ഗ്രാമീണ കാർഷിക മൊത്തവിപണന കേന്ദ്രം,
സുൽത്താൻബത്തേരി, വയനാട്

SECRETARY
Rural Agricultural
Wholesale Market
Sulthan Bathery P.O.